(7 pages) **Reg. No. : ................................**

**Code No. : 10506** **Sub. Code : C 1 MY 71**

U.G. (CBCS) DEGREE EXAMINATION, NOVEMBER 2023.

Third Semester

Part I — Malayalam

Paper III — PADYASAHITHYAM – POETRY LITERATURE

(For those who joined in July 2021-2022 in the B.Com./B.B.A./B.C.A./B.Sc., Computer Science/ Information Technology/Software/Costume Design/Fashion Technology/Electronics and Communication/Hotel Management Courses Only)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കിളിപ്പാട്ടു വൃത്തങ്ങളിൽ അന്നനടയുടെ ഉപജ്ഞാതാവ് ആരാണ്?
   (a) ചീരാമൻ
   (b) ചെറുശ്ശേരി
   (c) ശങ്കരപ്പണിക്കർ
   (d) എഴുത്തച്ഛൻ

2. പശ്ചാത്താപമൊരെള്ളോളമില്ലാതെ
   വിശ്വാസപാതകത്തെക്കരുതുന്നു. - കാവ്യമേത്?
   (a) ജ്ഞാനപ്പാന
   (b) സന്താനഗോപാലം
   (c) ഘോഷയാത്ര
   (d) കല്യാണസൌഗന്ധികം

3. ഏതു നാട്ടിലെ ക്ഷാമകാലത്തെയാണ് എലികൾ എന്ന കവിത പശ്ചാത്തലമാക്കുന്നത്?
   (a) കേരളം (b) രാജസ്ഥാൻ
   (c) ബംഗാൾ (d) ഗുജറാത്ത്

4. കാടെവിടെ മക്കളേ എന്ന കവിതയിൽ വയനാടിനെക്കുറിച്ചു പറയുമ്പോൾ പരാമർശിക്കുന്ന നദിയേത്?
   (a) കബനി (b) ചാലിയാർ
   (c) കാരാപ്പുഴ (d) പാപനാശിനി

5. മദ്ധ്യം പൊട്ടി നുറുങ്ങി വിലസുന്ന
   ശുദ്ധകണ്ണാടി കാന്തി ചിതറും നീർ - കൃതി ഏത്?
   (a) കർണ്ണഭൂഷണം (b) ചണ്ഡാലഭിക്ഷുകി
   (c) കാളിയമർദ്ദനം (d) കരുണ

6. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?
   (a) ഉമാകേരളം (b) ചിത്രയോഗം
   (c) കർണ്ണഭൂഷണം (d) കേശവീയം



*Nesamony Memorial Christian College, Marthandam*

7. മാമ്പഴം എന്ന പ്രസിദ്ധകവിത ആരുടേതാണ്?

(a) ചങ്ങമ്പുഴ (b) വൈലോപ്പിള്ളി

(c) വള്ളത്തോൾ (d) വയലാർ

8. ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം
കരുണമാം ജനനാന്തര സാന്ത്വനം.

- കവിതയുടെ പേര്?

(a) രാത്രിമഴ (b) സഹശയനം

(c) കുരുക്ഷേത്രം (d) സന്ദർശനം

9. പാവനം നുകരുന്നു തൻ ശുദ്ധമാം
ഭാവി വിജ്ഞാനധാരയെന്നോർത്തപോൽ

- എന്താണ് നുകരുന്നത്?

(a) സംഭാരം (b) പാൽ

(c) ജലം (d) അമൃത്

10. വയ്യ ഞാനെണീക്കുന്നു, പുലർകാലത്തിൻ മൃദു
മർമ്മരം കിളിക്കൊഞ്ചൽ കൊണ്ടു സാന്ദ്രമാം യാമം

- ആരുടെ ചിന്ത?

(a) കൌസല്യ (b) കൈകേയി

(c) സീത (d) സുമിത്ര



PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു
ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) പാഞ്ഞുകരേറിനാൻ പാവനമായുള്ള
പാദങ്ങൾകൊണ്ടു ചവിട്ടിച്ചെമ്മെ

- സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും

- ആരെക്കുറിച്ചുള്ള വർണ്ണനയാണിത്? സന്ദർഭമെഴുതി വിശദീകരിക്കുക.

12. (a) അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരു കാലം.

- സാംഗത്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ;
തന്വിയാണവൾ കല്ലല്ലിരുമ്പല്ല!

- സന്ദർഭമേത്? വിശദമാക്കുക.



[P.T.O.]

Nesamony Memorial Christian College, Marthandam

13. (a) അശ്രുനദിയിലൊഴുകിനാളാദ്യമാ-
യശ്വനദിയിലോപിന്നെയല്ലോ!
- സ്വാരസ്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) സ്വഭാഷ തൻ വക്രത്തിൽനിന്നു താൻ കേൾക്ക വേണം - എന്ത്? ഇവിടെ പറഞ്ഞുവയ്ക്കുന്ന ആശയം വിശദമാക്കുക.

14. (a) ദൈവങ്ങളീവിധം ദ്വേഷിച്ചുനിൽക്കുകിൽ
പാവങ്ങളീ ഞങ്ങളെന്തു ചെയ്യും?
- സന്ദർഭമെഴുതുക.

അല്ലെങ്കിൽ

(b) എത്തിയപാടേ കടിച്ചുവലിക്കായ്ക
ചത്തുവോ ജന്തു? വനങ്ങിയാലോ?
- സന്ദർഭമേത്? വിശദമാക്കുക.

15. (a) കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത
കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ?
- സാംഗത്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) സ്മരണതൻ ദൂര സാഗരം തേടിയെൻ
ഹൃദയ രേഖകൾ നീളുന്നു പിന്നെയും.
- കവി ഇങ്ങനെ പറയുന്ന സന്ദർഭമേത്?



PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) ചെറുശ്ശേരിയുടെ വർണ്ണനാപാടവം കാളിയമർദ്ദനത്തിലെ ശ്രീകൃഷ്ണനെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) എഴുത്തച്ഛനെ ഭാഷാപിതാവ് എന്ന് പറയാൻ കാരണമെന്ത്? വിവരിക്കുക.

17. (a) സമകാലിക ജീവിതവുമായി ബന്ധപ്പെടുത്താവുന്ന നിരവധി കാര്യങ്ങൾ ജ്ഞാനപ്പാനയിൽ കാണാം - പരിശോധിക്കുക.

അല്ലെങ്കിൽ

(b) ചണ്ഡാലഭിക്ഷുകിയിലെ നായികയുടെ പ്രതികരണത്തിൽനിന്ന് അക്കാലത്തെ സാമൂഹ്യ ജീവിതത്തെക്കുറിച്ച് അറിയാനാവും - വിലയിരുത്തുക.

18. (a) ജലസേചനം എന്ന കവിതയിൽ മനുഷ്യന്റെ സ്ഥൈര്യത്തെയും പുരോഗമനേച്ഛയെയും കണ്ടെത്താനാവും - പരിശോധിക്കുക.

അല്ലെങ്കിൽ

(b) എലികൾ എന്ന കവിത മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു - ചർച്ച ചെയ്യുക.

19. (a) ഉള്ളൂരിന്റെ രചനാശൈലി കർണ്ണഭൂഷണത്തെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) മാതൃഭാഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് എന്റെ ഭാഷ എന്ന കവിതയുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക. വിശദീകരിക്കുക.

20. (a) പരിസ്ഥിതിയെ മാനിക്കാതെയുള്ള പ്രവർത്തനങ്ങൾ കാടെവിടെ മക്കളേ എന്ന കവിത ഓർമ്മിപ്പിക്കുന്നു - ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) അത്താഴം എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

---



Nesamony Memorial Christian College, Marthandam